# INDIAN SCHOOL DARSAIT
## TERM II- MARCH 2019
## YEARLY EXAMINATION
## MALAYALAM

Class: IV Sec: …. Max.Marks:50

Date: 06-03-2019 Time: 2hrs

Name: ………………………….. Roll No:………

General Instructions

1. All the questions are compulsory
2. Answer all questions in a separate paper

**Q.I** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക. 5 X 1 = 5

പൊട്ടിച്ചിരിച്ച് കുതിച്ച് ഒഴുകുന്ന കാട്ടാറ്. കാട്ടാറിന്റെ കരയിൽ പന്തലിച്ചു നിൽക്കുന്ന ഒരു തേൻമാവുണ്ട്. മാവിൽ ധാരാളം കുരങ്ങന്മാർ താമസിച്ചിരുന്നു. അതിശയിപ്പിക്കുന്ന മണവും നല്ല രുചിയും ഉള്ളവയായിരുന്നു ആ മാവിലെ പഴങ്ങൾ. മാമ്പഴക്കാലമായാൽ കുരങ്ങന്മാർക്കു കുശാലാണ്. മാവു പൂക്കുമ്പോൾ വാനരന്മാർ ഒരു പണി ചെയ്യും. കാട്ടാറിലേക്ക് ചാഞ്ഞു നിൽക്കുന്ന ചില്ലകളിലെ പൂക്കളെല്ലാം തല്ലിക്കൊഴിക്കും.

a) കാട്ടാറ് ഒഴുകുന്നത് എങ്ങനെയാണ് ?
b) കാട്ടാറിന്റെ കരയിൽ പന്തലിച്ചു നിൽക്കുന്നതെന്ത് ?
c) കുരങ്ങന്മാർ എവിടെയാണ് താമസിച്ചിരുന്നത് ?
d) മാവിലെ പഴങ്ങൾ എങ്ങനെയുള്ളായിരുന്നു ?
e) മാവു പൂക്കുമ്പോൾ വാനരന്മാർ ചെയ്യുന്ന പണി എന്ത് ?

**Q.II** ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 4X ½= 2

a) ദേശീയ പതാകയിലെ കുങ്കുമനിറം എന്തിനെയാണ് സൂചിപ്പിക്കുന്നത് ?
(വിശുദ്ധിയെ, ത്യാഗത്തെ, സമൃദ്ധിയെ)
b) കാറ്റിന്റെ കുസൃതിയെ നോക്കി നിൽക്കുന്നതാര് ?
(കുഞ്ഞുമോൻ, അമ്മ, അച്ഛൻ)
c) മഴ വന്നപ്പോൾ വിഷമിച്ചു നിന്നതാര് ?
(കരിയില, പ്രാവ്, മണ്ണാങ്കട്ട)
d) ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന സംസ് ഥാനം ഏത് ?
(കർണ്ണാടകം, കേരളം, തമിഴ്നാട്)

**Q.III** അർഥമെഴുതുക 4X ½= 2

a) ഉപേക്ഷിക്കുക b) വെൺമ, c) സാന്നിധ്യം d) നേരം

Q.IV രണ്ടു പര്യായപദം വീതം എഴുതുക 3X 1= 3

a) മഞ്ഞ് b) മകൻ c) പക്ഷി

Q.V വിപരീതപദമെഴുതുക 2X ½= 1

a) ദുശ്ശീലം b) സുഖം

Q.VI പിരിച്ചെഴുതുക 4X ½= 2

a) താഴെക്കാണും b) മടക്കിയയച്ചു

c) നാടുണ്ട് d) നടപ്പാത

Q.VII പഴഞ്ചൊല്ലുകൾ പൂർത്തിയാക്കുക 4X ½= 2

a) അരിയെറിഞ്ഞാൽ-------------- b) തീയില്ലാതെ -----------------------

c) മഴ നിന്നാലും ----------------- d) അടി തെറ്റിയാൽ --------------------

3X 1= 3

Q.VIII വാക്യത്തിൽ പ്രയോ ഗിക്കുക

a) സന്ദർശിച്ചു b) കാതു കൂർപ്പിച്ചു c) ശ്രദ്ധ

Q. IX ചുവടെ കൊടുത്തിരിക്കുന്ന പദങ്ങളുടെ ബഹുവചനരൂപം എഴുതുക 4X ½= 2

a) കൊടി b) മരം c) റോഡ് d) വാർത്ത

Q.X ഭൂത ,ഭാവി, വർത്തമാന കാലങ്ങൾ വേർതിരിച്ചെഴുതുക 6X ½= 3

a) കഴിച്ചു, ഇരിക്കുന്നു, ഉപദേശിച്ചു, ഓടും, ഒളിക്കും, ഉറങ്ങുന്നു

Q.XI ഒറ്റപ്പദം എഴുതുക 2X ½= 1

a) അപകടത്തെ കുറിച്ചുള്ള വാർത്ത

b) കുളിക്കാനുള്ള മുറി

Q.XII ചുവടെ കൊടുത്തിരിക്കുന്ന പദങ്ങളിൽ നിന്നും നാമവും ക്രിയയും വേർതിരിക്കുക. 8X ½= 4

a) എഴുതി, ആന, വടി, നോക്കി, ചന്ദ്രൻ, കത്തുന്നു, വീശുന്നു, മത്സ്യം

Q.XIII എതിർലിംഗം എഴുതുക 4X ½= 2

a) മകൻ b) അധ്യാപിക
c) പുരുഷൻ d) ചേച്ചി

Q.XIV പാഠപുസ്തകത്തിലെപ്പോലെ പൂരിപ്പിക്കുക. (നാലു വരി) 1X 2= 2

a) പാറുക -------------- ക്കിളിയേ

Q.XV ഉത്തരമെഴുതുക 4X 2= 8

a) ആരാണ് വീട്ടിൽ തനിച്ചായത് ? അവർ വീട്ടിൽ തനിച്ചാവാനുള്ള കാരണം എന്ത് ?

b) 1. ശ്രീരാമകൃഷ്ണ പരമഹംസർ ആരുടെ ഗുരുവായിരുന്നു ?
2. ഉപദേശം എന്ന കഥ നൽകുന്ന ഗുണപാഠം എന്ത് ?

c) ബസ്സിൽ കയറുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

d) കാറ്റിൽ നിന്നും കരിയിലയെ രക്ഷിച്ചതാരാണ് ? രക്ഷിച്ചതെങ്ങനെ ?

Q.XVI ശരിയായ അക്ഷരം തെരഞ്ഞെടുത്തെഴുതുക. 6X ½= 3

a) കാ ---- (ഷി, ശി) b) മി------ (ത്രം, ത്യം)
c) അ------മാനം (ബി, ഭി) d) മ ----- രം (ദു, ധു )
e) വേ----- ത്തിൽ (ഗ,ക) f) പ്രസി -----ൻ (ദ്ദ, ദ്ധ)

Q.XVII ഏതെങ്കിലുമൊരു വിഷയത്തെക്കുറിച്ച് അഞ്ചുവാക്യത്തിൽ കുറയാതെ എഴുതുക. 1X 5= 5
വായനയുടെ പ്രാധാന്യം OR നല്ല ശീലങ്ങൾ